# ബഹു.മുഖ്യമന്ത്രിയുടെ കോവിഡ് 19 പ്രതിദിന വാർത്താ സമ്മേളനത്തിന്റെ മിനിറ്റ്സ്

**2020 മേയ് 15 വൈകുന്നേരം 4.00 മണി**

കോൺഫറൻസ് ഹാൾ

യോഗത്തിൽ പങ്കെടുത്തവരുടെ പേര് അനുബന്ധം 1 ആയി ചേർക്കുന്നു.

## ആരോഗ്യ കുടുംബക്ഷേമ വകുപ്പ് മന്ത്രി, ശ്രിമതി കെ.കെ.ശൈലജ ടീച്ചർ

ബഹുമാനപ്പെട്ട ആരോഗ്യ കുടുംബക്ഷേമ വകുപ്പ് മന്ത്രി ശ്രീമതി കെ കെ ശൈലജ ടീച്ചർ ഇന്ന് കേരളത്തിൽ 16 കേസുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടതായി യോഗത്തെ അറിയിച്ചു. വയനാട് ജില്ലയിൽ നിന്നും 5, മലപ്പുറം ജില്ലയിൽ നിന്നും 4, ആലപ്പുഴ കോഴിക്കോട് ജില്ലകളിൽ നിന്നും 2 വീതവും പാലക്കാട് കൊല്ലം കാസർകോട് ജില്ലകളിൽ നിന്നും 1 കേസ് വീതമാണ് റിപ്പോർട്ട് ചെയ്യപ്പെട്ടത്. അതിനുശേഷം ആരോഗ്യവകുപ്പിന്റെ രോഗ നിയന്ത്രണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട കാര്യങ്ങൾ ആരോഗ്യവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ശ്രീ രാജൻ ഘോബ്രഗഡെ വിശദീകരിക്കുകയുണ്ടായി

## ആരോഗ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, ശ്രീ. രാജൻ ഖോബ്രാഗാഡെ

ഇന്ന് കേരളത്തിൽ 16 പേർക്ക് രോഗം സ്ഥിരീകരിച്ചു. ഇതുവരെ 576 പേർക്കാണ് കേരളത്തിൽ കൊവിഡ് 19 രോഗം സ്ഥിരീകരിച്ചിട്ടുള്ളത്. ലോകം മുഴുവനും 4527127 പേർക്കാ ണ് ഇതുവരെ രോഗം സ്ഥിരീകരിച്ചിട്ടുള്ളത് . ഇന്ത്യയിൽ 81997 പേർക്ക് രോഗം സ്ഥിരീകരിച്ചത്.കേരളത്തിൽ നിലവിൽ 80 രോഗികളാണ് രോഗം സ്ഥിരീകരിച്ച് ചികിത്സയിലുള്ളത്. 493 പേർ ഇതുവരെ രോഗവിമുക്തി നേടിയിട്ടുണ്ട്. അതിനുശേഷം അദ്ദേഹം കോവിഡ് 19 രോഗികളുടെ ഇപ്പോഴത്തെ അവസ്ഥയെപ്പറ്റിയും ആരും തന്നെ ഐസിയുവിൽ ഇല്ല എന്നുള്ള കാര്യവും യോഗത്തെ അറിയിച്ചു. പോസിറ്റീവ് കേസുകളുടെ പറ്റി വിശദമായ ഒരു അവലോകനം അദ്ദേഹം നടത്തുകയുണ്ടായി. ചെക്ക്പോസ്റ്റുകളിൽ കൂടിയും കപ്പലി ലൂടെയും, വിമാനങ്ങളിലൂടെയും കേരളത്തിലെത്തിയവരുടെ കണക്കും അതിൽ വീടുകളിലും ഇൻസ്റ്റിറ്റ്യൂഷനുകളിലും നിരീക്ഷണത്തിലുള്ളവരുടെയും അതിൽ ഉൾപ്പെട്ടിട്ടുള്ള കുട്ടികളുടെയും, ഗർഭിണികളുടെയും കണക്കും അദ്ദേഹം വിശദീകരിച്ചു.

ലാബുകളിൽ നടത്തിയ പരിശോധനകളുടെ വിശദാംശങ്ങൾ, സാധാരണ നടത്താറുള്ള പരിശോധന, സെന്റിനൽ സർവൈയിലൻസ്, ആഗ്മെന്റഡ് സർവൈ ലൻസ് ജീൻ എക്സ്പർട്ട് എന്നിവ വഴി നടത്തിയ പരിശോധന വിവരങ്ങളും അദ്ദേഹം അറിയിക്കുകയുണ്ടായി. സ്വകാര്യ ലബോറട്ടറികളിൽ നടത്തിയ പരിശോധനയുടെ വിശദാംശങ്ങൾ അദ്ദേഹം പറഞ്ഞു. പുതുതായി പ്ലാൻ ചെയ്യുന്ന സെന്റിനൽ സർവൈലൻസ് പരിശോധനയുടെ വിശദാംശങ്ങളും അദ്ദേഹം

പറയുകയുണ്ടായി. ഒരും ദിവസങ്ങളിൽ ഉണ്ടാകാൻ സാധ്യതയുള്ള പരിശോധനകളുടെയും ഒരു മാസത്തിൽ 3250037500 നും ഇടയിൽ പരിശോധനകൾ ഉണ്ടാകാൻ സാധ്യതയുണ്ടെന്നും അദ്ദേഹം പറഞ്ഞു. ഐസി എം ആർ നടത്തുന്ന സീറോ സർവൈലൻസ് പഠനം പാലക്കാട് തൃശൂർ എറണാകുളം ജില്ലകളിലാണ് നടത്തുന്നത്. ഓരോ ജില്ലയിൽ നിന്നും 400 സാമ്പിളുകളാണ് എടുക്കുന്നത്. സമൂഹ വ്യാപനം ഉണ്ടായിട്ടുണ്ടോ എന്ന് മനസ്സിലാക്കാനാണ് ഈ പഠനം നടത്തുന്നത്. പിസിആർ കിറ്റുകളുടെയും ആർ എൻ എ എക്സ്ട്രാക്ഷൻ കിറ്റുകളുടെയും, ഡാക്രോൺ സ്വാബുകളുടെയും അവശേഷിക്കുന്ന ശേഖരത്തിലെ കണക്കും, എത്ര ദിവസത്തേക്ക് ഇതുപയോഗിക്കാം എന്ന വിവരവും അദ്ദേഹം യോഗത്തെ ധരിപ്പിച്ചു. തുടർന്ന് വയനാട് ജില്ലയിൽ ഉണ്ടായിട്ടുള്ള പ്രത്യേക സാഹചര്യവും, അവിടെ രോഗം സ്ഥിരീകരിച്ചവരുടെ വിശദാംശങ്ങളും അദ്ദേഹം അവതരിപ്പിച്ചു. തമിഴ്നാട്ടിൽ നിന്നും തിരിച്ചെത്തിയ ഒരു വ്യക്തിയിൽ നിന്നും ഒരു കുടുംബത്തിലെ ഏഴുപേർക്കും മറ്റുമായി 13 പേർക്ക് രോഗം പടർന്നിട്ടുണ്ട് എന്നുള്ള കാര്യവും അദ്ദേഹം പറഞ്ഞു. വയനാട് ജില്ലയിലെ അഞ്ച് തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ ഇടവക, മാനന്തവാടി, മീനങ്ങാടി, മേനി, തിരുനെല്ലി എന്നിവിടങ്ങളിലാണ് രോഗികൾ ഉള്ളതെന്നും, ആയതിനാൽ ഇവിടങ്ങളിൽ പ്രത്യേക ശ്രദ്ധ ആവശ്യമാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. അതിനുശേഷം കേസുകൾ ഉള്ളതും പ്രാഥമിക, ദ്വിതീയ സമ്പർക്കങ്ങളും കൂടുതലുള്ള തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ വിശദാംശങ്ങളും അദ്ദേഹം കാണിച്ചു. ഇതിനെ തുടർന്ന് നാം എന്തൊക്കെ പ്രവർത്തനങ്ങളാണ് ആസൂത്രണം ചെയ്യേണ്ടതുണ്ട് എന്ന് വിശദീകരിച്ചു. സോഷ്യൽ ഡിസ്റ്റൻസിംഗ്, മാസ്കുകളുടെ ഉപയോഗം പ്രമോട്ട് ചെയ്യുക, ബ്രേക്ക് ദ ചെയിൻ ക്യാമ്പയിൻ ഊർജ്ജിതപ്പെടുത്തുക, സെന്റിനൽ സർവൈലൻസ് നടത്തുക എന്നീ കാര്യങ്ങളും അദ്ദേഹം പറഞ്ഞു.

## ചീഫ് സെക്രട്ടറി, ശ്രീ. ടോം ജോസ് ഐ.എ.എസ്

അതിനുശേഷം ചീഫ് സെക്രട്ടറി യോഗത്തെ അഭിസംബോധന ചെയ്തു. മെഡിക്കൽ സപ്ലൈസ്, ഫുഡ് സപ്ലൈസ് ശേഖരം തൃപ്തികരമാണ്. കഴിഞ്ഞ കുറച്ചു ദിവസങ്ങളായി മെഡിക്കൽ സപ്ലൈസ് ശേഖരം വർധിച്ചിട്ടുണ്ട്. ട്രക്കുകളുടെ വരവും സാധാരണ നിലയിലാണ്. എന്നാൽ വരുന്ന ട്രക്കുകളിൽ മുട്ടയുടെ വരവ് കുറവാണ് എന്ന് അദ്ദേഹം പറഞ്ഞു. നമുക്ക് ക്വാറന്റയിനിൽ വയ്ക്കാൻ നിശ്ചിതമായ സൗകര്യമാണ് നിലവിലുള്ളത്. ഈ എണ്ണത്തിനനുസരിച്ച് ആൾക്കാരുടെ വരവ് ക്രമീകരിക്കാൻ പറ്റുമോ എന്ന് പരിശോധിക്കണം. നമുക്ക് അനുമതി നൽകുന്നത് സ്ടാഗ്ഗർ ചെയ്തു നൽകിയാൽ ഇത് ക്രമീകരിക്കാൻ സാധിക്കും എന്നും അദ്ദേഹം പറഞ്ഞു. കേരളത്തിലേക്ക് വരാൻ പാസിന് അപേക്ഷിച്ച എല്ലാവരും വന്നിട്ടില്ല. മാത്രമല്ല ബ്രേക്ക് ചെയിൻ ക്യാമ്പയിൻ തുടക്കത്തിൽ വളരെ വിജയകരമായിരുന്നു. എന്നാൽ ഇപ്പോൾ അത് പ്രാവർത്തികമാക്കുന്നത് കുറഞ്ഞുവരുന്നതായി കാണുന്നു. വെള്ളപ്പൊക്കം ഉണ്ടാകാനുള്ള സാധ്യതയും മുന്നിൽ കണ്ട് നാം കാര്യങ്ങൾ ആസൂത്രണം ചെയ്യേണ്ടതുണ്ട്. ദുരന്തനിവാരണ അതോറിറ്റിയും, ആരോഗ്യ വകുപ്പും ചേർന്ന് ക്വാറന്റയിൻ ഒരുക്കേണ്ടതുമായി ബന്ധപ്പെട്ട കാര്യങ്ങളുടെ ആക്ഷൻ പ്ലാൻ ഒരുക്കേണ്ടതുണ്ട്.

## ഗതാഗത വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, ശ്രീ. ജ്യോതിലാൽ ഐ എ എസ്

2036 ട്രക്കുകൾ വന്നിട്ടുള്ളതായും, സാധാരണ നൂറു അടുപ്പിച്ച് മുട്ട കൊണ്ട് വരുന്ന ട്രക്കുകൾ വരാറുണ്ടെങ്കിലും ഇന്ന് 37 എണ്ണം മാത്രമേ എത്തിയിട്ടുള്ളൂ എന്നും അദ്ദേഹം പറഞ്ഞു.

## ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പ് സെക്രട്ടറി, ശ്രീ. വേണുഗാപാൽ ഐ എ എസ്

അരിയുടെയും ഗോതമ്പിന്റെയും ശേഖരം സംബന്ധിച്ച് നിലവിൽ പ്രശ്നങ്ങൾ ഒന്നുമില്ലെന്നും പിഡിഎസ് ലിഫ്ടിംഗ് മുൻകൂട്ടി നിശ്ചയിച്ച പ്രകാരം മുന്നോട്ടു പോകുന്നുണ്ടെന്നും പറഞ്ഞു. പഴങ്ങളുടെയും, പച്ചക്കറികളുടെയും വിലയിൽ നേരിയ വർധന ഉണ്ടെന്നും അദ്ദേഹം അറിയിച്ചു. 60 ലക്ഷത്തോളം പലവ്യഞ്ജന കിറ്റുകൾ കൊടുക്കാൻ സാധിച്ചിട്ടുണ്ടെന്നും അദ്ദേഹം യോഗത്തെ അറിയിച്ചു തിങ്കളാഴ്ച പോർട്ടബിലിറ്റി സൗകര്യമൊരുക്കാൻ സാധിക്കുമെന്നും നാൽപതിനായിരത്തോളം പേർ കിറ്റ് വേണ്ടെന്ന് വെച്ചിട്ടുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു

## അഡീ.ചീഫ് സെക്രട്ടറി ആഭ്യന്തരം, ഡോ വിശ്വാസ് മേത്ത ഐ എ എസ്

17 വിമാനങ്ങളും, 2 കപ്പലുകളും ആണ് കേരളത്തിൽ ഇതുവരെ എത്തിയിട്ടുള്ളത്. 13 സ്ഥലങ്ങളിൽ നിന്നാണ് ഈ വിമാനങ്ങൾ എത്തിയിട്ടുള്ളത്. ഇതിൽ ആറ് വിമാനങ്ങളിൽ എന്ന് വന്നവരിൽ രോഗം സ്ഥിരീകരിച്ചിട്ടുണ്ട്. മാത്രമല്ല 29 ഓളം ട്രെയിനുകൾ കേരളത്തിൽ നിന്നും അതിഥി തൊഴിലാളികളെയും കൊണ്ട് അവരവരുടെ സംസ്ഥാനങ്ങളിലേക്ക് പോയിട്ടുണ്ട്. ഏകദേശം മുപ്പത്തിമൂവായിരത്തോളം ആളുകൾ ഇങ്ങനെ സഞ്ചരിച്ചു കഴിഞ്ഞു. രാജസ്ഥാൻ അവരുടെ സംസ്ഥാനത്തേക്ക് ഒരു ട്രെയിൻ വേണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. പശ്ചിമ ബംഗാൾ ചീഫ് സെക്രട്ടറിയുമായി ഇന്നലെ സംസാരിച്ചിരുന്നു. അവിടേയ്ക്ക് ട്രെയിനുകൾ അയയ്ക്കുന്നത് സംബന്ധിച്ച ധാരണയായിട്ടുണ്ട്

## വിദഗ്ദ്ധ സമിതി ചെയർപേഴ്സൺ, ഡോ. ബി. ഇക്ബാൽ

പുറമേ നിന്ന് വരുന്നവരിൽ കേസ് വർദ്ധിക്കുന്നുണ്ടെങ്കിലും ഭയപ്പെടേണ്ട സാഹചര്യമില്ല. അവരിൽ നിന്നും കേരളത്തിലുള്ളവർക്ക് രോഗം പകരുന്നതാണ് നാം ശ്രദ്ധിക്കേണ്ടത്. ഒന്നാം ഘട്ടം മുതൽ മൂന്നാം ഘട്ടം വരെ 100 ദിവസം കണക്കാക്കുകയാണെങ്കിൽ, 10 ശതമാനം ~~സമ്പർക്ക കേസ്~~ മുതൽ 30 ശതമാനം വരെ സമ്പർക്ക കേസുകൾ മാത്രമേ ഉണ്ടായിട്ടുള്ളൂ. ഇതിനർത്ഥം നമ്മുടെ പ്രവർത്തനങ്ങൾ ശരിയായ രീതിയിലും, സാഹചര്യം നിയന്ത്രണത്തിലുമാണ് എന്നതാണ്. 30 ശതമാനത്തിൽ കൂടുതൽ സമ്പർക്ക കേസുകൾ അടുത്ത് വരുന്ന ഒരു മാസത്തിനുള്ളിൽ ഉണ്ടാകുന്നില്ലെങ്കിൽ നമ്മുടെ പ്രവർത്തനങ്ങൾ ഭംഗിയായി പോകുന്നു എന്ന് കണക്കാക്കാം.

നമുക്ക് തുടക്കത്തിൽ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വൈറോളജിയിൽ മാത്രമേ പരിശോധനാ സംവിധാനം നിലവിലുണ്ടായിരുന്നു. ഇന്ന് 15 സർക്കാർ ലാബുകളും 5 സ്വകാര്യ രോഗങ്ങളും പ്രവർത്തിക്കുന്നുണ്ട്. എന്നാൽ അഞ്ച് ജില്ലകളിൽ ഇപ്പോഴും ലാബ് സൗകര്യം നിലവിലില്ല. വയനാട്, ഇടുക്കി, കൊല്ലം, പത്തനംതിട്ട, പാലക്കാട് എന്നീ ജില്ലകൾ ആണിത്. പത്തനംതിട്ട ജില്ലയിൽ പുഷ്പഗിരി സ്വകാര്യ മെഡിക്കൽ കോളേജിൽ അവർ ഇതിനുള്ള സംവിധാനം ഒരുക്കുന്നുണ്ട്. അവരുമായി സംസാരിച്ചിരുന്നു എന്നും അവിടെ ഇത് ഒരുക്കാൻ സാധിക്കുകയാണെങ്കിൽ പത്തനംതിട്ട ജില്ലയ്ക്ക് നല്ലതാണെന്നും അദ്ദേഹം പറഞ്ഞു. കൊല്ലം, പാലക്കാട് ജില്ലകളിൽ നിലവിലുള്ള മെഡിക്കൽ കോളേജുകളിൽ ഈ സൗകര്യം ഒരു ഒരുക്കിയാൽ നന്നാവും എന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. വയനാട്ടിൽ മുൻപ് പ്രവർത്തിച്ചിരുന്ന മണിപ്പാൽ പരിശോധന ലബോറട്ടറി ഇപ്പോൾ പ്രവർത്തനം നിർത്തിവെച്ചിരിക്കുകയാണെന്നും ആയതിനാൽ വയനാട് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് കേന്ദ്രം ഇപ്പോൾ സർക്കാർ സംവിധാനമായി പ്രവർത്തിക്കുന്നതിനാൽ അവിടെ ഈ സംവിധാനം ഏർപ്പെടുത്തുന്നതിനെപറ്റി പരിശോധിക്കണം.

ശീതീകരിച്ച ട്രെയിൻ വരുന്നതുമായി ബന്ധപ്പെട്ട്, അതിനെ അനുകൂലിച്ചും പ്രതികൂലിച്ചും ആർക്കാർ സംവാദം നടത്തുന്നുണ്ട്. അതിനെ സംബന്ധിച്ച് വളരെ വിശദമായ ഒരു അക്കാദമിക് പരിശോധന നടത്തുകയും, ആ മറുപടി അയക്കുകയും ചെയ്തിട്ടുണ്ട്.

**<u>എ ഡി ജി പി ഇന്റലിജൻസ് ശ്രീ. ടി കെ വിനോദ് കുമാർ ഐ എ എസ്</u>**

വയനാട് പോലീസ് സ്റ്റേഷൻ പരിധിയിൽ നിന്നും കണ്ണൂരിലേക്ക് ആർക്കാർ യഥേഷ്ടം സഞ്ചരിക്കുന്നു. ബോർഡർ ക്രോസിംഗ് നിർത്തണമോ എന്ന കാര്യം നാം ആലോചിക്കേണ്ടിയിരിക്കുന്നു. രോഗം സ്ഥിരീകരിച്ച റോയി തോമസ് എന്ന പോലീസുകാരൻ കോട്ടയം ജില്ലയിലും വന്നിട്ടുണ്ട്. അദ്ദേഹത്തിന്റെ ഭാര്യ കോട്ടയം ജില്ലയിൽ ജോലി ചെയ്യുന്നുണ്ട്. കാസർകോട് ജില്ലയിലും ഇല്ലീഗൽ ബോർഡർ ക്രോസിംഗ് നടക്കുന്നുണ്ട്. രോഗം സ്ഥിരീകരിച്ച റസിയ വളരെ അധികം തവണ അതിർത്തിക്ക് അടുത്തേക്ക് സഞ്ചരിച്ചിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ട്. എറണാകുളം ജില്ലയിലെത്തിയ ജലാശ്വ കപ്പലിൽ 419 മലയാളികൾ ഉണ്ടായിരുന്നു. ഈ കപ്പലിൽ എത്തിയ തമിഴ്നാട്ടിലെ മൂന്ന് പേർക്ക് അവിടെ രോഗം സ്ഥിരീകരിച്ചതായി റിപ്പോർട്ടുകൾ ലഭിച്ചിട്ടുണ്ട്. ഈ കപ്പലിൽ പൊതു ശൗചാലയവും ഡോർമെട്രിയും ഉണ്ടായിരുന്നതിനാൽ ഇവരെ നന്നായി നിരീക്ഷിക്കേണ്ടിയിരിക്കുന്നതായി അദ്ദേഹം പറഞ്ഞു. ഇടുക്കി ജില്ലയിൽ രോഗം സ്ഥിരീകരിച്ച ബേക്കറി ഉടമ, അതിനുമുമ്പ് വണ്ടൻമേട്, കട്ടപ്പന എന്നീ സ്ഥലങ്ങളിൽ വളരെയധികം ആൾക്കാരുമായി സമ്പർക്കം പുലർത്തിയിരുന്നതായി വിവരം ലഭിച്ചിട്ടുണ്ട്. തമിഴ്നാട്ടിലേക്ക് പോയ വണ്ടിയിൽ ഉണ്ടായിരുന്ന എഴുപത്തിരണ്ട് തുണി കച്ചവടക്കാരെ തമിഴ്നാട്ടിൽ വച്ച് അറസ്റ്റ് ചെയ്യുകയും അനുമതി ഇല്ലാത്തതിനാൽ കേരളത്തിലേക്ക് തിരിച്ചുവിടുകയും ചെയ്തിട്ടുണ്ട്. അവർ താമസസ്ഥലം ഇല്ലാത്തതിനാൽ അലഞ്ഞുതിരിയുന്നതായി പോലീസിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇപ്പോൾ പോലീസിന്റെ പ്രവർത്തനത്തിലും ഒരു സ്ലാഗ്നെസ്സ് ഉണ്ട്. പോലീസുകാർ പൊതുജനങ്ങളുമായി അടുത്തിടപഴകുന്നതിനാൽ അവരെയും പരിശോധന നടത്തേണ്ടതു്

അത്യാവശ്യമാണ്. ജില്ലകൾ തമ്മിലുള്ള യാത്രയും ജില്ലകളിലെ യാത്രയും നിയന്ത്രിക്കുന്നത് സംബന്ധിച്ച കാര്യം നാം പരിശോധിക്കേണ്ടിയിരിക്കുന്നു.

**<u>പ്രിൻസിപ്പൽ സെക്രട്ടറി, ശ്രീ. ബിശ്വനാഥ് സിൻഹ ഐ എ എസ്</u>**

ഇതുവരെ 285870 പേരാണ് കേരളത്തിലേക്ക് എത്താൻ രജിസ്റ്റർ ചെയ്തത്. ഇതിൽ 174032 പേർ റെഡ് സോൺ സ്ഥലങ്ങളിൽ നിന്നാണ്. കേരളത്തിലേക്ക് എത്താൻ ഏറ്റവും കൂടുതൽ പേർ രജിസ്റ്റർ ചെയ്തത് തമിഴ്നാട്, കർണാടക, മഹാരാഷ്ട്ര എന്നിവിടങ്ങളിൽ നിന്നാണ്. ഏറ്റവും കൂടുതൽ ആളുകൾ ക്രോസ്സ് ചെയ്തത് വാളയാർ ചെക്ക് പോസ്റ്റിലും, ഏറ്റവും കൂടുതൽ പേർ പോയത് മലപ്പുറം, കണ്ണൂർ, കാസർകോട് ജില്ലകളിലേക്കുമാണ്. 1226 പേർ ട്രെയിനിൽ വന്നതിൽ 9 പേർക്ക് രോഗലക്ഷണങ്ങൾ ഉണ്ടായിരുന്നു. ഇവരിൽ 8 പേർ കോഴിക്കോട് ജില്ലയിലും, ഒരാൾ തിരുവനന്തപുരം ജില്ലയിലുമാണ് ഇറങ്ങിയത്. ഈ ട്രെയിനിൻ 59 ഓളം പേർ പാസ് ഇല്ലാതെ വന്നിരുന്നതായും അദ്ദേഹം അറിയിച്ചു.

മുപ്പതോളം ട്രെയിനുകളിൽ ആയി 34970 അതിഥി തൊഴിലാളികളെ അവരവരുടെ സംസ്ഥാനത്തേക്ക് കയറ്റി അയച്ചത് അദ്ദേഹം പറഞ്ഞു. ഇന്ന് ലക്നോവിലേക്ക് ഒരു ട്രെയിൻ പോകുന്നുണ്ട്. എല്ലാ ദിവസവും കേരളത്തിലേക്ക് ബാംഗ്ലൂരിൽ നിന്ന് ഐലൻഡ് എക്സ്പ്രസ് സർവീസ് നടത്തുമെന്നും അദ്ദേഹം പറഞ്ഞു. ഡൽഹിയിൽ നിന്നും കേരളത്തിലേക്ക് ട്രെയിൻ അനുവദിക്കുന്നത് സംബന്ധിച്ച് ആദ്യം മുൻകൂർ തുക അടയ്ക്കണമെന്ന് റെയിൽവേ പറഞ്ഞിരുന്നെങ്കിലും ഇപ്പോൾ അത് ആവശ്യമില്ലെന്നും ഇനി ഡൽഹി സർക്കാരിനെ അനുമതിക്ക് വേണ്ടി കാത്തുനിൽക്കുകയാണ് എന്നും അദ്ദേഹം പറഞ്ഞു. പശ്ചിമബംഗാൾ സർക്കാരുമായി ബന്ധപ്പെട്ടതിനുശേഷം 28 ട്രെയിനുകൾ ഓടിക്കാൻ അനുമതി ലഭിച്ചിട്ടുണ്ട്. മെയ് 18 മുതൽ ജൂൺ 24 വരെ ദിവസവും 1440 പേരെ വച്ച് 34,000 പേർക്ക് തിരിച്ചു പോകാം എന്ന രീതിയിലാണ് ഇത് ക്രമീകരിച്ചിട്ടുള്ളത്. എങ്കിലും കേരളത്തിൽ 175610 ബംഗാളികൾ ഉണ്ട് എന്നാണ് കണക്ക്. ആന്ധ്രപ്രദേശ്, തെലുങ്കാന, യുപി, ജാർഖണ്ഡ് എന്നീ സംസ്ഥാനങ്ങളോട് നാം അനുമതി ചോദിച്ചിരുന്നു. ആന്ധ്രപ്രദേശ് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. എട്ട് സംസ്ഥാനങ്ങളിൽ നിന്നും മലയാളി അസോസിയേഷനുകൾ അവരുടെ ആൾക്കാർക്ക് നാട്ടിലേക്ക് എത്തണമെന്ന് സംബന്ധിച്ച് നമ്മെ കത്തു മുഖാന്തരം അറിയിച്ചതിൻ പ്രകാരം നാം റെയിൽവേ ബോർഡിന് കത്ത് കൊടുക്കുകയും സർക്കാർതലത്തിൽ അനുമതിക്കായി അപേക്ഷിക്കുകയും ചെയ്തു. ഇതിൽ ആന്ധ്രപ്രദേശ് സർക്കാർ മാത്രമാണ് അനുമതി നൽകിയിട്ടുള്ളത്.

**<u>ഫയർ ആൻഡ് റെസ്ക്യൂ ഡയറക്ടർ ജനറൽ ശ്രീ ഹേമചന്ദ്രൻ ഐ പി എസ്</u>**

വിദേശത്തുനിന്നും എത്തുന്നവരെ സ്വീകരിക്കാനായി നല്ല സംവിധാനമാണ് നാം ഒരുക്കിയിട്ടുള്ളത്. എന്നാൽ സമ്പർക്കം മൂലം കേസുകൾ വർദ്ധിക്കുന്നത് പ്രധാന വിഷയമാണ്. നമ്മുടെ സംവിധാനത്തിൽ എന്തെങ്കിലും ന്യൂനത ഉണ്ടോ എന്ന കാര്യം നാം കാര്യമായി പരിശോധിക്കേണ്ടിയിരിക്കുന്നു.

## പ്രിൻസിപ്പൽ സെക്രട്ടറി തദ്ദേശസ്വയംഭരണം

## ശ്രീമതി. ശാരദാ മുരളീധരൻ ഐ എ എസ്

ക്വാറന്റയിൻ നടപ്പിലാക്കുന്നതിൽ രണ്ടു വിഷയം അവതരിപ്പിക്കാൻ ഉണ്ട്. ഇൻസ്റ്റിറ്റ്യൂഷണൽ ക്വാറന്റയിൻ കേന്ദ്രങ്ങളായി സ്വകാര്യ സ്ഥാപനങ്ങളെയും നാം ഏർപ്പാടാക്കിയിട്ടുണ്ട്. എന്നാൽ ഇവിടങ്ങളിൽ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട ചില പ്രശ്നങ്ങൾ നിൽക്കുന്നുണ്ട്. മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് വ്യക്തമായ നിർദ്ദേശങ്ങൾ നൽകിയിരുന്നെങ്കിലും അവിടെ കുന്നുകൂടുന്ന മാലിന്യങ്ങൾ എങ്ങനെ നിർമ്മാർജ്ജനം ചെയ്യുന്നത് സംബന്ധിച്ച് ചില പ്രശ്നങ്ങൾ ചിലയിടങ്ങളിൽ ഉണ്ടായി. മാലിന്യങ്ങൾ കത്തിക്കുന്നത് സംബന്ധിച്ചും കുഴിച്ചിടുന്ന സംബന്ധിച്ചും സ്വകാര്യസ്ഥാപനങ്ങൾ തടസ്സം പറയുന്നുണ്ട്. ഇൻസ്റ്റിറ്റ്യൂഷണൽ ക്വാറന്റയിനിൽ ആളുകളുടെ എണ്ണം കൂടി കഴിഞ്ഞാൽ ഈ പ്രശ്നങ്ങൾ വർദ്ധിക്കാൻ സാധ്യതയുണ്ട്. ആയതിനാൽ ജില്ലാ ഭരണകൂടത്തിന് ഇത്തരം വിവരങ്ങൾ ധരിപ്പിക്കുകയും ഇതിൽ ഇടപെടാൻ നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. രണ്ടാമതായി വീടുകളിൽ നിരീക്ഷണത്തിനായി വാർഡ് തല സമിതിയെയാണ് ഏർപ്പാടാക്കിയിട്ടുള്ളത്. ചെക്ക് പോസ്റ്റുകളിൽ നിന്നും തിരിച്ചെത്തുന്നവരെ കൃത്യമായി ട്രാക്ക് ചെയ്യുക എന്നത് ബുദ്ധിമുട്ടായി നിൽക്കുകയാണ്. എറണാകുളം ജില്ലയിൽ തന്നെ അനുമതിയില്ലാതെ എത്തിയ മുന്നൂറോളം പേരെ വാർഡ്തല സമിതി കണ്ടെത്തി. ഇവരുടെ വിവരം കോവിഡ് ജാഗ്രത പോർട്ടലിൽ ഉണ്ടായിരുന്നില്ല. ഹെൽത്ത് സെക്രട്ടറി റിവേഴ്സ് ക്വാറന്റയിൻ വേണമെന്ന് നേരത്തെ സൂചിപ്പിച്ചിരുന്നു. എന്നാൽ ഇത് ഇപ്പോൾ നിർബന്ധം ആക്കുന്നില്ല. എവിടെ എപ്പോൾ ഇത് നിർബന്ധമാക്കണം എന്നത് സംബന്ധിച്ച് വിദഗ്ധസമിതി ഒന്ന് പരിശോധിക്കേണ്ടതാണ് .

**മേൽപ്പറഞ്ഞ വിഷയങ്ങളിൽ വിശദമായ ചർച്ചയ്ക്കു ശേഷം ബഹു. മുഖ്യമന്ത്രി അദ്ദേഹത്തിന്റെ തീരുമാനം യോഗത്തെ അറിയിച്ചു.**

1. സംസ്ഥാനത്ത് പൊതുവിൽ കേസുകളുടെ എണ്ണം കൂടുന്നു എന്നത് സാങ്കേതിക കാര്യം പരിശോധിക്കുമ്പോൾ വലിയ പ്രശ്നം അല്ലെങ്കിലും ആൾക്കാരുടെ ഇടയിൽ ഒരു പരിഭ്രമം വർദ്ധിച്ചിട്ടുണ്ട്. എന്നാൽ പരിഭ്രമം അല്ല ജാഗ്രതയാണ് വേണ്ടത്. **(ചുമതല - ബന്ധപ്പെട്ട വകുപ്പുകൾ, എല്ലാ ജില്ലാ കളക്ടർമാർ)**
2. പണംകൊടുത്തുള്ള ക്വാറന്റയിൻ സംവിധാനങ്ങൾ തുടങ്ങണമോ എന്ന് നാം പരിശോധിക്കേണ്ടിയിരിക്കുന്നു. നേരത്തെ ബുക്ക് ചെയ്ത ഹോട്ടലുകളിൽ അവർക്ക് താമസിക്കാമെന്ന് നാം തീരുമാനമെടുത്തിട്ടുണ്ട്. എന്നാൽ അവർ ചോദിച്ചത് കിട്ടുന്നില്ല എന്ന പരാതിയുണ്ട്. **(ചുമതല - തദ്ദേശസ്വയംഭരണ വകുപ്പ്, എല്ലാ ജില്ലാ കളക്ടർമാർ)**
3. കണ്ടയിൻമെന്റ് സോണുകളിൾ നിന്നുള്ള വ്യക്തികൾ മറ്റാരുമായും ബന്ധപ്പെടുന്നില്ല എന്ന കാര്യം നാം ഉറപ്പാക്കേണ്ടതാണ്. എന്നാൽ ചില സ്ഥലങ്ങളിൽ നിരീക്ഷണത്തിലുള്ളവർ ആരുമായും സമ്പർക്കം പുലർത്തിയിട്ടില്ലെങ്കിൽ അവിടം കണ്ടയിന്റമെന്റ് സോണുകൾ ആക്കേണ്ടതില്ല. **(ചുമതല - ആരോഗ്യ വകുപ്പ്, എല്ലാ ജില്ലാ കളക്ടർമാർ)**
4. ചെക്പോസ്റ്റുകളിൽ തിരക്ക് അനുസരിച്ച് അനുമതി നൽകുന്ന കാര്യം നാം പരിശോധിക്കണം. കൃത്യമായ ആസൂത്രണത്തോട് കൂടി മാത്രമേ നാം

അനുമതി നൽകേണ്ടതുള്ളൂ. **(ചുമതല - റവന്യൂ വകുപ്പ്, ബന്ധപ്പെട്ട ജില്ലാ കളക്ടർമാർ)**

5. ബ്രേക്ക് ദ ചെയിൻ ക്യാമ്പയിൻ ഗൗരവത്തിൽ അല്ല പൊതുജനം കാണുന്നത് എന്ന അഭിപ്രായം ശ്രദ്ധിച്ചു. ബഹു ഭൂരിപക്ഷം ആൾക്കാരും ഇത് ശീലമാക്കി കഴിഞ്ഞിട്ടുണ്ട്. കുറച്ചു പേരാണ് ബാക്കിയുള്ളത്. ഇവരെക്കൂടി സ്വഭാവം മാറ്റി എടുക്കുന്നതിനായി പരിശ്രമം തുടരേണ്ടതുണ്ട്. **(ചുമതല - ആരോഗ്യ, തദ്ദേശ സ്വയംഭരണ വകുപ്പ്, എല്ലാ ജില്ലാ കളക്ടർമാർ)**
6. വെള്ളപ്പൊക്കം വരുകയാണെങ്കിൽ അതിനനുസരിച്ച് നമുക്ക് തയ്യാറെടുക്കാം. **(ചുമതല - ബന്ധപ്പെട്ട വകുപ്പുകൾ, എല്ലാ ജില്ലാ കളക്ടർമാർ)**
7. സമൂഹത്തിൽ പൊതുവിൽ ഒരു ഗൗരവം കുറഞ്ഞതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആളുകൾ കൂട്ടം കൂടുന്നത് കാണുന്നു. കൊവിഡ് 19 ഭീഷണി പൂർണമായി അവസാനിച്ചിട്ടില്ല. ആയതിനാൽ തന്നെ തിരക്ക് വർദ്ധിപ്പിക്കുന്ന തരത്തിലുള്ള പരിപാടികൾ ഇപ്പോൾ വേണ്ടതില്ല. ഇക്കാര്യത്തിൽ നമുക്ക് നേരത്തെ എടുത്ത നിലപാട് തുടരാം. അടുത്ത ആഴ്ച പെരുന്നാൾ വരികയാണ്. അത്തരം കാര്യത്തിൽ കമ്മ്യൂണിറ്റി ലീഡേഴ്സ് മായി ചർച്ച ചെയ്തു ഇക്കാര്യം ബോധിപ്പിക്കേണ്ടതുണ്ട്. **(ചുമതല - ബന്ധപ്പെട്ട വകുപ്പുകൾ, എല്ലാ ജില്ലാ കളക്ടർമാർ)**
8. വരുന്ന ഞായറാഴ്ച ലോക ഡൗൺ നമുക്ക് തുടരാം. **(ചുമതല - പൊതുഭരണ വകുപ്പ്)**
9. പരിശോധനയുമായി ബന്ധപ്പെട്ട് പാലക്കാട്, കൊല്ലം മെഡിക്കൽ കോളേജുകളിൽ സംവിധാനം ഏർപ്പെടുത്തുന്നത് നന്നാവും. വയനാട് ആശുപത്രി ഇത്തരത്തിൽ ഉപയോഗിക്കാൻ പറ്റുമോ എന്ന് പരിശോധിക്കണം. **(ചുമതല - ബന്ധപ്പെട്ട വകുപ്പുകൾ, ബന്ധപ്പെട്ട ജില്ലാ കളക്ടർമാർ)**
10. വയനാട് ജില്ലയിൽ നിന്ന് അടുത്ത ജില്ലയിലേക്ക് ആൾക്കാർ സഞ്ചരിക്കുന്നു എന്ന് മനസ്സിലാക്കുന്നു. കണ്ടയിൻമെന്റ് സോണുകളിൽ നിന്ന് സഞ്ചരിക്കാൻ അനുവദിക്കേണ്ടതില്ല. എന്നാൽ ജില്ലയിൽ മുഴുവൻ അത്തരത്തിലൊരു സമീപനത്തിന് ആവശ്യമില്ല. **(ചുമതല - ബന്ധപ്പെട്ട വകുപ്പുകൾ, വയനാട് ജില്ലാ കളക്ടർ)**
11. ഒരു പഞ്ചായത്തംഗം കാസർഗോഡ് ജില്ലയിൽ അധികം യാത്ര ചെയ്തത് ഒരു അപാകതയാണ്. ഇത് നാം ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. **(ചുമതല - ബന്ധപ്പെട്ട വകുപ്പുകൾ, കാസർഗോഡ് ജില്ലാ കളക്ടർമാർ)**
12. കേരളത്തിൽ എത്തിയ കപ്പലുകളിൽ ആൾക്കാരുടെ സമ്പർക്കം നന്നായി ഉണ്ടായിരുന്നതായും ചിലരിൽ രോഗം സ്ഥിരീകരിച്ചതുമായും വിവരം ഉള്ളതിനാൽ ഈ യാത്രക്കാരിൽ ഗൗരവമായ പരിശോധന ആവശ്യമാണ്. **(ചുമതല - ബന്ധപ്പെട്ട വകുപ്പുകൾ, എല്ലാ ജില്ലാ കളക്ടർമാർ)**
13. പോലീസുകാർ, ആരോഗ്യപ്രവർത്തകർ എന്നിവർ തുടർച്ചയായി കഠിന ജോലി ചെയ്യുന്നത് അവർ ക്ഷീണിക്കാൻ കാരണമാകും. ആയതിനാൽ കുറച്ചുനാൾ ഒഴിവു കൊടുത്തു ഇത് തുടരാമോ എന്നത് വകുപ്പുകൾ പരിശോധിക്കേണ്ടതാണ്. വാർഡ്തല സമിതിയിലുള്ള അധികം യാത്ര ചെയ്യുന്നവരെ റൊട്ടേഷൻ സമ്പ്രദായത്തിൽ വയ്ക്കുന്നത് സംബന്ധിച്ചും പരിശോധിക്കണം. **(ചുമതല - ആഭ്യന്തര, ആരോഗ്യ, തദ്ദേശസ്വയംഭരണ വകുപ്പുകൾ, എല്ലാ ജില്ലാ കളക്ടർമാർ)**
14. ട്രെയിൻ ചില സ്റ്റേഷനുകളിൽ നിന്നും വരുന്നുണ്ട്. കേരളത്തിലേക്ക് തിരിച്ചു വരുന്നതിനു വിദ്യാർത്ഥികൾക്കുള്ള സംവിധാനം ഒരുക്കുമ്പോൾ ചില പോരായ്മകൾ ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഹെൽപ്പ് ഡെസ്കുകൾ ഹെൽപ് ഇതര ഡസ്കുകൾ ആയി പ്രവർത്തിക്കുന്നു എന്ന് ആക്ഷേപവുമുണ്ട്. ഐ ആർ സി ടി സിയിൽ ബുക്ക് ചെയ്തു പോകാൻ

വിദ്യാർത്ഥികൾക്ക് മുഴുവൻ ഒരു പ്രശ്നം ഉണ്ട്. അവിടെ വലിയ ആശയക്കുഴപ്പം ഉണ്ടായിട്ടുണ്ട്. വിദ്യാർത്ഥികൾക്ക് എസി തീവണ്ടികളുടെ നിരക്ക് താങ്ങാനാവുന്നില്ല. മാത്രമല്ല ബുക്കിങ് ഏജന്റുമാർ കൂട്ടത്തോടെ ബുക്ക് ചെയ്യുന്നതിനാൽ വിദ്യാർത്ഥികൾക്ക് ടിക്കറ്റ് ലഭിക്കാത്തതായി കാണുന്നു. ആയതിനാൽ വിദ്യാർത്ഥികളെ ഒരുമിച്ച് നോർക്ക വഴി ടിക്കറ്റ് സൗകര്യം ഏർപ്പെടുത്തുന്നത് നാം പരിശോധിക്കണം. ഒരു ട്രെയിൻ ഓടാൻ എത്രപേർ ആവശ്യമാണോ അവരെ ഒരുക്കി നോൺ എസി ട്രെയിനുകൾ കേരളത്തിലേക്ക് കൊണ്ടുവരാൻ നാം പരിശ്രമിക്കണം. മാത്രമല്ല വിദ്യാർത്ഥികൾക്ക് വരാനാവാത്ത സംസ്ഥാനത്തിന് എതിരെയുള്ള ഒരു ആയുധമാക്കാൻ വിദ്യാർത്ഥികളെ ഇളക്കിവിടുന്നുണ്ട് എന്നത് ഗൗരവമായി കാണണം. **(ചുമതല - നോർക്ക)**

15. പശ്ചിമബംഗാളിലേക്ക് ട്രെയിൻ തയ്യാറാക്കിയത് നല്ലതുതന്നെ. ട്രെയിൻ എത്തുമ്പോൾ അവരെ സ്വീകരിച്ചു കൊണ്ടു പോകാൻ ആൾക്കാർ വരുന്നതിൽ നല്ല ശ്രദ്ധ വേണം. ഇൻസ്റ്റിറ്റ്യൂഷണൽ ക്വാറന്റയിനിലെ മാലിന്യ നിർമാർജ്ജനവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ഉണ്ടാകേണ്ട കാര്യമില്ല. ശാസ്ത്രീയമായി പ്രശ്നങ്ങളൊന്നുമില്ലെങ്കിൽ മാലിന്യം കത്തിക്കുന്ന കാര്യം നാം പരിശോധിക്കണം. **(ചുമതല - ബന്ധപ്പെട്ട വകുപ്പുകൾ, എല്ലാ ജില്ലാ കളക്ടർമാർ)**
16. നമ്മുടെ ശ്രദ്ധയിൽപ്പെടാതെ കേരളത്തിലേക്ക് എത്തുന്നവരെ വാർഡ് തല സമിതി കണ്ടെത്തുകയും ക്വാറന്റയിനിൽ വയ്ക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. എവിടെയൊക്കെ നന്നായി വാർഡ്തല സമിതികൾ പ്രവർത്തിക്കുന്നുണ്ടോ അവിടെയൊക്കെ അത്തരത്തിലുള്ള ആൾക്കാരെ കണ്ടെത്തിയിട്ടുണ്ട്. **(ചുമതല - തദ്ദേശസ്വയംഭരണ വകുപ്പ്, എല്ലാ ജില്ലാ കളക്ടർമാർ)**
17. റിവേഴ്സ് ക്വാറന്റയിൻ എന്നത് പ്രായമുള്ളവരെ സംരക്ഷിക്കാനുള്ള ഒരു നീക്കമാണ്. ഘട്ടങ്ങൾ മാറുന്നതിനനുസരിച്ച് രോഗവ്യാപനം മാറുന്നതിനനുസരിച്ച് രോഗം പകരുന്ന സ്ഥലങ്ങളിൽ റിവേഴ്സ് ക്വാറന്റയിൻ നമുക്ക് ഊർജ്ജിതപ്പെടുത്താം. **(ചുമതല - ആരോഗ്യ വകുപ്പ്, എല്ലാ ജില്ലാ കളക്ടർമാർ)**
18. ഉത്തരവുകൾ പലതും നിലനിൽക്കുന്നുണ്ടെങ്കിലും ചില കാര്യങ്ങളിൽ ആശയക്കുഴപ്പം തീരുന്നില്ല. വസ്ത്രവ്യാപാര കേന്ദ്രങ്ങൾ 15 ശതമാനത്തോളം മാത്രമേ തുറന്നിട്ടുള്ളൂ. ഉത്തരവിലെ പ്രശ്നമാണെന്നാണ് വ്യാപാരികളുടെ നിലപാട്. ഇത് പരിശോധിക്കണം. **(ചുമതല - പൊതുഭരണ വകുപ്പ്)**
19. ഇസ്രായേലിൽ 82 നഴ്സുമാർ ജോലി വിസ കഴിഞ്ഞ് കേരളത്തിലേക്ക് തിരിച്ചു വരാൻ നിൽക്കുന്നതായി വിവരം ലഭിച്ചിട്ടുണ്ട്. ഇതിൽ നാലു ഗർഭിണികൾ ആണ്. ഇവർക്ക് അനുമതി ലഭിച്ചിട്ടില്ല. ഇവരുടെ കാര്യത്തിൽ പരിശോധിച്ച് നടപടി സ്വീകരിക്കേണ്ടതാണ്. **(ചുമതല - നോർക്ക)**
20. വനംവകുപ്പിന്റെ തടിയെടുക്കാൻ കഴിയുന്നില്ല. തറവാടക, പലിശ എന്നിവ വനംവകുപ്പ് ആവശ്യപ്പെടുന്നത് തൽക്കാലത്തേക്ക് ഒഴിവാക്കി കൊടുക്കേണ്ടതാണ്. നാളെ വയനാട്ടിൽ തടി ലേലം ചെയ്യുന്നത് ആൾക്കൂട്ടം ഉണ്ടാകാൻ സാധ്യതയുണ്ട് ആയതിനാൽ നമുക്ക് മാറ്റി വയ്ക്കാവുന്നതാണ്. **(ചുമതല - വനം വകുപ്പ്)**
21. ആശ്വാസകിരണം പദ്ധതി ധനസഹായം 2019 മാർച്ച് വരെ ലഭിച്ചിട്ടുള്ളൂ എന്നത് പരിശോധിക്കേണ്ടതാണ്. **(ചുമതല - സാമൂഹ്യനീതി വകുപ്പ്)**
22. കൊല്ലം, ആലപ്പുഴ അതിർത്തിയിൽ മഹാരാഷ്ട്രയിൽ നിന്ന് കേരളത്തിലേക്ക് എത്തിയ മീൻ ലോറിയിൽ പരിശോധന നടത്തുന്നതിനിടെ 75,000 രൂപ അവരിൽ നിന്ന് ചോദിച്ചത് ശ്രദ്ധയിൽപ്പെട്ടു. ഇക്കാര്യം വിജിലൻസിനെ

ഏൽപ്പിക്കുകയും ചെയ്തിട്ടുണ്ട്. **(ചുമതല - വിജിലൻസ്, ആഭ്യന്തര, ഫിഷറീസ് വകുപ്പുകൾ)**

23. ജലഗതാഗതം പുന:രാരംഭിക്കുന്നത് പൊതുഗതാഗതം ആരംഭിക്കുന്ന സമയത്ത് അനുമതി നൽകാവുന്നതാണ്. **(ചുമതല - പൊതുഭരണ വകുപ്പ്)**
24. ധാന്യ ശേഖരം നമുക്ക് നന്നായി ഉണ്ടെങ്കിലും നമ്മുടെ സിവിൽ സപ്ലൈസ് ഗോഡൗണുകളിൽ ചെറിയ ഒരു അളവു മാത്രമേ ഈ ശേഖരം സൂക്ഷിച്ചിട്ടുള്ളൂ. ആയതിനാൽ സ്റ്റോറേജ് കപ്പാസിറ്റി അനുസരിച്ച് നമ്മുടെ ശേഖരം വർദ്ധിപ്പിക്കുന്നത് പരിശോധിക്കേണ്ടതാണ്. **(ചുമതല - ഭക്ഷ്യ പൊതുവിതരണ വകുപ്പ്)**
25. ശൗചാലയങ്ങൾ കൃത്യമായി വൃത്തിയാക്കപ്പെടുന്നില്ല എന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ ഒരു പ്രത്യേക ഇടപെടൽ ഇക്കാര്യത്തിൽ ഉണ്ടാകേണ്ടതാണ്. കരാർ എടുത്തവരെ കണ്ടെത്തി ഇത് യഥാവിധി നടപ്പിലാക്കുന്നുണ്ടോ എന്ന് ഉറപ്പുവരുത്തേണ്ടതാണ്. **(ചുമതല - തദ്ദേശസ്വയംഭരണ വകുപ്പ്)**
26. മറ്റൊരു പ്രശ്നം ചെങ്കല്ല് വെട്ടുന്നതിന് അനുമതി നൽകിയിരുന്നെങ്കിലും ഇത് വെട്ടുന്നതിന് വേണ്ടിയുള്ള യന്ത്രം പ്രവർത്തിപ്പിക്കുന്ന ഡ്രൈവർമാർ കർണാടകത്തിൽ നിന്നും വന്നുകൊണ്ടിരിക്കുന്നു എന്നതാണ്. ഇവർ അനുമതി നേടാതെ തന്നെ കേരളത്തിൽ വരുന്നതായും ജോലി ചെയ്യുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതുസംബന്ധിച്ച് ചെങ്കൽ ക്വാറി ഉടമകൾക്ക് കർശന നിർദ്ദേശം നൽകേണ്ടതാണ്. **(ചുമതല - ബന്ധപ്പെട്ട വകുപ്പുകൾ, ബന്ധപ്പെട്ട ജില്ലാ കളക്ടർമാർ)**
27. ബ്യൂട്ടീഷ്യന്മാരുടെ സംഘടന അവരുടെ കട അടഞ്ഞുകിടക്കുകയാണ് എന്നും അത് വൃത്തിയാക്കുന്നതിനുള്ള അനുവാദം നൽകണമെന്നും അഭ്യർത്ഥിച്ചു. അത് നമുക്ക് അനുവദിക്കാവുന്നതാണ്. **(ചുമതല - പൊതുഭരണ വകുപ്പ്)**
28. കൊല്ലം ജില്ലയിൽ ശ്രീനിവാസ് ടൂറിസ്റ്റ് ഹോം വൃത്തിഹീനം ആണെന്ന് പരാതി ലഭിച്ചിട്ടുണ്ട്. ഇത് പരിശോധിക്കേണ്ടതാണ്. ദേവികുളത്ത് ക്ലൌഡ് ഇൻ ഹോട്ടലിൽ 16 പ്രവാസികൾ ഉണ്ട്. ഇവരുടെ സൗകര്യങ്ങൾ സംബന്ധിച്ച് പരിശോധിക്കേണ്ടതാണ്. **(ചുമതല - തദ്ദേശസ്വയംഭരണ വകുപ്പുകൾ, കൊല്ലം, ഇടുക്കി ജില്ലാ കളക്ടർമാർ)**
29. കോഴിക്കോട് എൻഐടിയിൽ നിരീക്ഷണ കേന്ദ്രത്തിലെ ആശമാർ, നഴ്സുമാർ എന്നിവർ ദിവസേന ഡ്യൂട്ടി ചേഞ്ച് ചെയ്യുന്നു എന്ന കാര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. ഇത് പരിശോധിക്കേണ്ടതാണ്. **(ചുമതല - ആരോഗ്യ വകുപ്പ്)**
30. വിമാനത്താവളത്തിൽ നിന്ന് ആൾക്കാരെ അവരവരുടെ ജില്ലകളിലേക്ക് കൊണ്ടുപോകുന്ന വാഹനങ്ങളിൽ ഡ്രൈവർമാർക്ക് കൃത്യമായ ചാർട്ട് നൽകേണ്ടതാണ്. പോകുന്ന വഴിക്കുള്ള ശൗചാലയങ്ങൾ, ആഹാര സ്ഥാപനങ്ങൾ എന്നിവയുടെ പട്ടിക ഈ വാഹനത്തിൽ ഡ്രൈവർമാർക്ക് നൽകേണ്ടതാണ്. **(ചുമതല - ബന്ധപ്പെട്ട വകുപ്പുകൾ, ബന്ധപ്പെട്ട ജില്ലാ കളക്ടർമാർ)**
31. ജില്ലാ അതിർത്തിയിൽ പരിശോധനകൾ നടക്കുമ്പോൾ ആ സംഘത്തിലെ ചിലർ മത സംഘടനകളുടെ ചിഹ്നം വെച്ച് പരിശോധനയിൽ പങ്കെടുക്കുന്നു എന്ന പരാതി ലഭിച്ചിട്ടുണ്ട്. ഇത് ഒഴിവാക്കേണ്ടതാണ്. **(ചുമതല - ബന്ധപ്പെട്ട വകുപ്പുകൾ, എല്ലാ ജില്ലാ കളക്ടർമാർ)**
32. കേന്ദ്ര ധനമന്ത്രി കേരളത്തിന് അനുവദിച്ചിട്ടുള്ള തുകയുമായി ബന്ധപ്പെട്ട വിവരത്തിൽ വ്യക്തത ഉണ്ടാകേണ്ടതാണ്. **(ചുമതല - ധനകാര്യ വകുപ്പ്)**

33. ശനിയാഴ്ചകളിലെ അവധി മാറ്റുന്ന കാര്യം സംബന്ധിച്ച് നാം പരിശോധിക്കേണ്ടതാണ്. **(ചുമതല - പൊതുഭരണ വകുപ്പ്)**
34. അതിഥി തൊഴിലാളികൾക്ക് ഇവിടെ നിൽക്കാനുള്ള ജോലി സൗകര്യം ഉണ്ടാക്കി കൊടുക്കുന്നത് പരിശോധിക്കേണ്ടതാണ്. **(ചുമതല - പൊതുരഭണ വകുപ്പ്, ജില്ലാ കളക്ടർമാർ)**
35. മറ്റ് ജില്ലകൾ തമ്മിൽ സ്വന്തം വാഹനത്തിൽ യാത്ര ചെയ്യുന്ന കാര്യം സംബന്ധിച്ച് അനുമതി നൽകുന്നത് പരിശോധിക്കേണ്ടതാണ്. **(ചുമതല - പൊതുഭരണ വകുപ്പ്)**
36. ആശുപത്രികളിൽ ഓ പി വർദ്ധനവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. താൽക്കാലിക ഐടി സംവിധാനം വഴി ഈ തിരക്ക് ഒഴിവാക്കുന്നത് നാം പരിശോധിക്കേണ്ടതാണ്. **(ചുമതല - ആരോഗ്യ വകുപ്പ്)**
37. പരീക്ഷാ ഡ്യൂട്ടിക്കായി വാഹനങ്ങളിൽ വരുന്നതിനും പേപ്പർ പരിശോധനയ്ക്കായി മറ്റ് ജില്ലകളിൽ നിന്ന് വരുന്നതിനും പൊതു ഇളവ് നൽകുന്നത് പരിശോധിക്കേണ്ടതാണ്. **(ചുമതല - പൊതുഭരണ വകുപ്പ്)**

അടുത്ത യോഗം ചൊവ്വാഴ്ച നടത്താം

യോഗം 4 30ന് അവസാനിച്ചു

14/5/20

പിണറായി വിജയൻ
മുഖ്യമന്ത്രി

**അനുബന്ധം 1**

അദ്ധ്യക്ഷൻ: ബഹു. മുഖ്യമന്ത്രി

പങ്കെടുത്തവർ:

1. ബഹു. ആരോഗ്യ സാമൂഹ്യക്ഷേമ വകുപ്പ് മന്ത്രി
2. ചീഫ് സെക്രട്ടറി
3. അഡീഷണൽ ചീഫ് സെക്രട്ടറി, ആഭ്യന്തര വകുപ്പ്
4. സ്റ്റേറ്റ് പോലീസ് ചീഫ്
5. അഡീഷണൽ ചീഫ് സെക്രട്ടറി, ധനകാര്യ വകുപ്പ്
6. അഡീഷണൽ ചീഫ് സെക്രട്ടറി കാർഷിക വികസനം
7. അഡീഷണൽ ചീഫ് സെക്രട്ടറി റവന്യൂ വകുപ്പ്
8. അഡീഷണൽ ചീഫ് സെക്രട്ടറി വനം വകുപ്പ്
9. അഡീഷണൽ ചീഫ് സെക്രട്ടറി ലേബർ വകുപ്പ്
10. അഡീഷണൽ ചീഫ് സെക്രട്ടറി പൊതുമരാമത്ത് വകുപ്പ്
11. ഡയറക്ടർ ജനറൽ ഫയർ ആന്റ് റസ്ക്യൂ
12. പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്
13. പ്രിൻസിപ്പൽ സെക്രട്ടറി, ഉന്നത വിദ്യാഭ്യാസം
14. പ്രിൻസിപ്പൽ സെക്രട്ടറി, ഗതാഗതം വകുപ്പ്
15. പ്രിൻസിപ്പൽ സെക്രട്ടറി, ആരോഗ്യ വകുപ്പ്
16. പ്രിൻസിപ്പൽ സെക്രട്ടറി, പൊതുഭരണ വകുപ്പ്
17. അഡീഷണൽ ഡി ജി പി ഇന്റലിജൻസ്
18. സെക്രട്ടറി, ധനകാര്യം
19. സെക്രട്ടറി, ഊർജ്ജ വകുപ്പ്
20. സെക്രട്ടറി, ടൂറിസം വകുപ്പ്
21. സെക്രട്ടറി, ഭക്ഷ്യ പൊതുവിതരണ വകുപ്പ്
22. സെക്രട്ടറി, വ്യവസായ വകുപ്പ്
23. സ്റ്റേറ്റ് മിഷൻ ഡയറക്ടർ, ദേശീയ ആരോഗ്യ മിഷൻ
24. മുഖ്യമന്ത്രിയുടെ സെക്രട്ടറി
25. ചെയർ പേഴ്സൺ, എക്സ്പെർട്ട് കമ്മിറ്റി
26. ഡി ജി ഇ, തിരുവനന്തപുരം
27. മെമ്പർ സെക്രട്ടറി, ദുരന്ത നിവാരണ അതോറിറ്റി
28. മറ്റുള്ളവർ